# ആമുഖം

## നല്ല ഭാഷ

'നല്ല ഭാഷ' എന്നാൽ എന്താണ്? തെറ്റൊന്നുമില്ലാത്ത ഭാഷയല്ലേ നല്ല ഭാഷ?— എന്ന് 'കരിയർ മാഗസിനി'ൽ ഞാൻ ചോദ്യോത്തരപംക്തി കൈകാര്യം ചെയ്തിരുന്ന കാലത്തും (1986–'96) പിന്നീടും പലരും എന്നോടു ചോദിച്ചിട്ടുണ്ട്. തെറ്റൊന്നുമില്ലാത്തതു കൊണ്ടുമാത്രം നല്ല ഭാഷയാവില്ല. അതത് ഉപയോഗത്തിനു ചേർന്ന തരത്തിലുള്ള ശക്തിയും ഭംഗിയുംകൂടി ഭാഷയ്ക്കുണ്ടായിരിക്കണം. 'ഉപയോഗത്തിനു ചേർന്ന' എന്നു വച്ചാലോ? ലേഖനത്തിൽ ഉപയോഗിക്കുന്ന ഭാഷാരീതി പോരാ ചെറുകഥയ്ക്കും നോവലിനും. നല്ല ഒരു ലേഖനം ഉച്ചഭാഷിണി യിലൂടെ വായിച്ചുകേൾപ്പിച്ചാൽ, നല്ല പ്രഭാഷണമാവില്ല. ഇതിൽ നിന്നെല്ലാം വ്യത്യസ്തമല്ലേ നാടകത്തിലെബ്ഭാഷ? നാടകത്തിൽ സംഭാഷണം മാത്രമല്ലേ ഉള്ളൂ? ലേഖനംതന്നെ ഒരാൾ പല വിഷയ ത്തെക്കുറിച്ചെഴുതുമ്പോൾ വിഷയഭേദമനുസരിച്ച് ഭാഷ വ്യത്യസ്ത മാകും. വെള്ളരിക്കൃഷിയെക്കുറിച്ചെഴുതാൻ പറ്റിയ ഭാഷയിൽ അദ്വൈത സിദ്ധാന്തത്തെക്കുറിച്ചെഴുതാൻ പറ്റുമോ? ശൈലീഭിന്നത പറഞ്ഞു മനസ്സിലാക്കാനാവില്ല; വായിച്ചറിയാനേ പറ്റൂ. നല്ല ഗദ്യശൈലിയുള്ള ലേഖകരുടെ രചനകൾ താരതമ്യം ചെയ്തു വായിച്ചാൽ ഇപ്പറഞ്ഞതു മനസ്സിലാകും.

## പ്രാദേശികഭാഷ

കേരളത്തിലാകമാനം സംസാരിക്കുന്ന ഭാഷ മലയാളംതന്നെയാണെങ്കി ലും, പാലക്കാടൻ മലയാളവും കോഴിക്കോടൻ മലയാളവും കോട്ടയം മലയാളവും തിരുവനന്തപുരം മലയാളവുമുണ്ട്. ഇതുപോലെ കേരള ത്തിലെ ഓരോ പ്രദേശത്തുമുള്ള മലയാളം ചില വ്യത്യസ്ത പദങ്ങ ളുടെ പ്രയോഗം കൊണ്ടും ഉച്ചാരണരീതിയിലുള്ള വ്യത്യാസംകൊണ്ടും മറ്റു പ്രദേശങ്ങളിലെ 'മലയാളങ്ങളി'ൽ നിന്നു വ്യത്യസ്തമാണ്.

'എന്തര്?' 'എന്തൂട്ടാ?' 'എന്ത്വാ?' 'എന്നതാ?' ഇവ കേരളത്തിലെ പല പ്രദേശങ്ങളിലെ പ്രയോഗങ്ങളാണ്. ഇവയ്ക്കെല്ലാം 'എന്താണ്?' എന്നർത്ഥം. ഇതുപോലെ, വരില്ല, വരില്ല്യ, വരത്തില്ല, വരൂല്ല—എല്ലാം 'വരുകയില്ല' തന്നെ. ഈ വാക്കുകളിൽ ഏതൊക്കെയാണു ശരി എന്നു ചോദിച്ചാൽ, 'എല്ലാം ശരി' എന്നാണുത്തരം. ഇവയെല്ലാം പ്രാദേശിക രൂപങ്ങളാണ്. ഏതെങ്കിലുമൊരെണ്ണം മറ്റുള്ളവയെക്കാൾ മെച്ചമെന്നോ മോശമെന്നോ പറയാനാവില്ല.

സംസാരഭാഷയുടെ ജീവനാണ് പ്രാദേശിക പ്രയോഗങ്ങൾ. നാടകം, ചെറുകഥ, നോവൽ എന്നീ സാഹിത്യരൂപങ്ങളിൽ സംഭാഷണങ്ങൾക്കു മുഖ്യസ്ഥാനമുള്ളതിനാൽ അവയിൽ പ്രാദേശികപ്രയോഗങ്ങൾ ധാരാളം വരും. എന്നാൽ, പ്രസംഗങ്ങളിലും ലേഖനങ്ങളിലും പ്രാദേശിക പ്രയോഗങ്ങൾ മിക്കവാറും ഒഴിവാക്കുകയും പരക്കെ അംഗീകാരമുള്ള പ്രയോഗങ്ങൾമാത്രം സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

## ഭാഷാശുദ്ധിയും ശൈലിയും

'തെറ്റൊന്നുമില്ലാത്ത ഭാഷ സ്വായത്തമാക്കിയതിനുശേഷം വേണ്ടേ നല്ല ഭാഷാശൈലി പരിശീലിക്കാൻ?' വളരെ പ്രസക്തമായ ഒരു സംശയമാണ്. ഒരു തെറ്റുമില്ലാത്ത ഭാഷ എന്നത് ഒരു ആദർശസങ്കല്പമാണ്. അതിനുവേണ്ടിയുള്ള പരിശ്രമം നാം തുടർന്നുകൊണ്ടേയിരിക്കണം. അതിനാൽ നല്ല ഭാഷാശൈലി നേടാനുള്ള പരിശ്രമവും സമാന്തരമായി ത്തന്നെ നടത്തിയേ പറ്റൂ.

## സുഗ്രഹശൈലി

ചില പുതുനിരൂപകർ ചെയ്തിട്ടുള്ളതുപോലെ പാണ്ഡിത്യനാട്യത്തിനു വേണ്ടി ദുർഗ്രഹശൈലി പ്രയോഗിക്കരുത്. വായനക്കാർ വെറുപ്പോടെ അകന്നു പോകാനേ ഇതുപയോഗപ്പെടൂ. ഏതു തരം വായനക്കാർക്കു വേണ്ടിയാണോ എഴുതുന്നത്, അവർക്കു മനസ്സിലാകുന്ന ഭാഷാശൈലിയിൽ (സുഗ്രഹശൈലിയിൽ) വേണം എഴുതാൻ. വായനക്കാർക്കു മനസ്സിലാകുന്നില്ലെങ്കിൽ, പിന്നെ എന്തിനാണെഴുതുന്നത്?

## നിരന്തരയത്നം

നല്ല ഭാഷ സ്വായത്തമാക്കുക എന്ന ലക്ഷ്യം നേടണമെങ്കിൽ ശ്രദ്ധാപൂർവം യത്നിക്കണം. മിതവും സാരവത്തുമായ വാക്പ്രയോഗംകൊണ്ടേ നല്ല ശൈലി നേടാനാവൂ. പക്ഷേ, മിക്കവരും അശ്രദ്ധമായിട്ടാണ് വാക്കുകൾ പ്രയോഗിക്കുന്നത്. അടുത്തടുത്തുള്ള നാലഞ്ചു വാക്യങ്ങൾ 'ആണ്' എന്നോ 'ആയിരുന്നു' എന്നോ ഒരേ വാക്കിലവസാനിച്ചാലും അതിന്റെ ഭംഗികേട് ചിലർ അറിയുന്നില്ല. ഒരേ വിഭക്തി

പ്രത്യയം അടുത്തടുത്ത് എത്രവന്നാലും ശ്രദ്ധയിൽപെടുന്നില്ല. ഇങ്ങനെയുള്ളവർ ഒരിക്കലും നല്ല ഗദ്യരചയിതാക്കളാവില്ല.

സ്വന്തം രചനകൾ, തെറ്റുകളും ഭംഗികേടുകളും ചൂണ്ടിക്കാണിക്കാൻ കഴിവുള്ളവരെ കാണിച്ച് പോരായ്മകൾ മനസ്സിലാക്കുക; തിരുത്തിക്കുക, രചനകൾ വീണ്ടും വീണ്ടും തിരുത്തിയെഴുതുക. ഇങ്ങനെ നല്ല വായനക്കാരുടെ അംഗീകാരം നേടാൻതക്ക ഭാഷാശൈലിക്കുവേണ്ടി നിരന്തരം യത്നിക്കുക. വിജയം സുനിശ്ചിതം. ഉത്തമ ഗദ്യകാരന്മാരുടെ രചനകൾ ആവർത്തിച്ചു വായിക്കുകയും വേണം. നാലു സാഹിത്യകാരന്മാരുടെ പേർ നിർദ്ദേശിക്കുന്നു: കുട്ടിക്കൃഷ്ണമാരാര്, എം.പി.പോൾ, എസ്. ഗുപ്തൻനായർ, സി.വി. കുഞ്ഞുരാമൻ.

## ഭാഷാശുദ്ധിഗ്രന്ഥങ്ങൾ

ബാലകവിതകൾ, സാഹിത്യപഠനങ്ങൾ, വ്യാഖ്യാനങ്ങൾ, പരിഭാഷകൾ, എന്നിങ്ങനെ ഞാൻ 19 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, അഞ്ചു ഭാഷാശുദ്ധിഗ്രന്ഥങ്ങളുടെയും അത്തരം ലേഖനങ്ങളുടെയും പേരിലാണ് എന്നെ ഗൾഫ് മലയാളികളുൾപ്പെടെയുള്ള സാമാന്യജനങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നത്. ഞാൻ ഇതിൽ സന്തോഷിക്കുകയും ഏറെ അഭിമാനിക്കുകയും ചെയ്യുന്നു. അവരിൽ പലരും വിവാഹത്തിന്റെയും ഗൃഹപ്രവേശത്തിന്റെയും ക്ഷണക്കത്തുകളെഴുതി ഗൾഫ് രാജ്യങ്ങളിൽനിന്നുപോലും ഫോണിലൂടെ വായിച്ചു കേൾപ്പിച്ച് തിരുത്തിക്കൊടുക്കാൻ ആവശ്യപ്പെടാറുണ്ട്. എന്തെല്ലാം അസൗകര്യങ്ങളുള്ള സമയത്തായാലും ഞാൻ അവരെ ഒട്ടും നിരാശപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കാറുമുണ്ട്.

എന്റെ ആദ്യത്തെ ഭാഷാശുദ്ധിലേഖനം വന്നത് കുട്ടികളുടെ മാസികയായ 'ബാലരമ'യിലാണ്. പേർ 'നിഘണ്ടുവിന്റെ കഥ'. അതിന്റെ പത്രാധിപർ ഇന്നും എനിക്കപരിചിതനായ ചാണ്ടിസ്സാറായിരുന്നു. അദ്ദേഹം മറുപടിക്കത്തിൽ എന്നെ അഭിനന്ദിച്ചുകൊണ്ട്, അത്തരം ലേഖനങ്ങൾ ഇനിയും എഴുതണമെന്നു നിർദ്ദേശിച്ചു. പിന്നീട് കഥകളി, തുള്ളൽ തുടങ്ങി ഏതാനും വിഷയങ്ങളെപ്പറ്റി 'ബാലരമ'യിൽ ഞാൻ എഴുതിയെങ്കിലും ഒരു ഭാഷാശുദ്ധിലേഖനവും അതിൽ എഴുതിയില്ല. 'നിഘണ്ടുവിന്റെ കഥ' എന്റെ ആദ്യത്തെ ഭാഷാശുദ്ധിഗ്രന്ഥമായ 'തെറ്റും ശരിയും' എന്ന പുസ്തകത്തിൽ ഒന്നാമദ്ധ്യായമായിച്ചേർത്തിട്ടുണ്ട്.

ഭാഷാശുദ്ധിലേഖനങ്ങളുടെ മേഖലയിലേക്ക് 1962-ൽ എന്നെ നയിച്ചത് എന്റെ ആദ്യത്തെ പരീക്ഷക്കടലാസുനോട്ടമാണ്. അന്ന് കോഴിക്കോട്, മഹാത്മാഗാന്ധി സർവകലാശാലകൾ ഇല്ല; കേരളസർവകലാശാല മാത്രമേ ഉള്ളൂ. ഞാൻ പാലക്കാട്ടു ജില്ലയിലെ ചിറ്റൂർ ഗവൺ

മെന്റ് കോളജിൽ അദ്ധ്യാപകൻ. പ്രി-ഡിഗ്രിയുടെ ഉത്തരക്കടലാസാണ്. കൃഷ്ണഗാഥയിൽ നിന്നുള്ള ചോദ്യത്തിന്റെ ഉത്തരത്തിൽ ഇങ്ങനെ കണ്ടു: 'കൃഷ്ണനെക്കാണാഞ്ഞ് യശോദ പൊട്ടിക്കരഞ്ഞു. കാരണം ദുഃഖമായിരുന്നു.' ഞാൻ ആ ഭാഗം ഒന്നുകൂടി വായിച്ചു. രസകരമായ ഒരു പ്രയോഗമാണല്ലോ! ഒരു കടലാസിൽ അതു പകർത്തി ഇടതു വശത്തുവച്ചു. ഏതാനും പേപ്പർ കഴിഞ്ഞ്, മറ്റൊരു വിദ്യാർത്ഥി എഴുതി യിരിക്കുന്നു: 'കാളിയൻ കൃഷ്ണനെ ദംശിച്ചു. എന്നിട്ടും മതിവരാഞ്ഞ് പലതവണ കടിക്കുകയും ചെയ്തു.'—'ദംശിക്കുക' എന്നുവച്ചാൽ 'കടിക്കുക' തന്നെയല്ലേ? പക്ഷേ, ആ കുട്ടി വിചാരിക്കുന്നത് 'കടിക്കുക' യെക്കാൾ കടുപ്പംകുറഞ്ഞ എന്തോ പ്രവൃത്തിയാണ് 'ദംശിക്കുക' എന്നാണ്. പിന്നൊരിക്കൽ കിട്ടിയത്: 'ഈ കവിതാഭാഗം ഹൃദയസ്പൃ ക്കായിട്ടുണ്ട്'—എന്നു പറഞ്ഞാൽ ഒരു തെറ്റുമില്ല. 'ഹൃദയസ്പൃക്ക്' എന്നതിനർത്ഥം 'ഹൃദയത്തെ സ്പർശിക്കുന്ന' എന്നാണ്. എന്നാൽ ഈ പ്രയോഗത്തെക്കുറിച്ചു തിട്ടമില്ലാത്ത ഒരാൾ ഇങ്ങനെ എഴുതി: 'ആ കവിതാഭാഗം വായിച്ചപ്പോൾ എന്റെ ഹൃദയത്തിൽ ഒരു സ്പൃക്കു ണ്ടായി!' എനിക്കു രസമായി. അതും പകർത്തി. ഇങ്ങനെ പരീക്ഷ ക്കടലാസുകളിൽനിന്നുതന്നെ തെറ്റുകൾക്ക് എത്രയെത്ര ഉദാഹരണ ങ്ങൾ കിട്ടി!

## 1. തെറ്റും ശരിയും

'തെറ്റും ശരിയും' എന്ന എന്റെ ഒന്നാമത്തെ ഭാഷാശുദ്ധിഗ്രന്ഥം സ്കൂൾക്കുട്ടികളെ ഉദ്ദേശിച്ചാണ് എഴുതിയത്. തെറ്റുകൾ ശേഖരിക്കുക എന്ന ശീലം ഞാൻ മുടങ്ങാതെ പുലർത്തിയിരുന്നു. രാവിലെ നടക്കാ നിറങ്ങുമ്പോൾ കടലാസും പേനയും പോക്കറ്റിൽ കരുതും. മോഹൻ ലാലിന്റെ 'വ്യത്യസ്ഥ' ചിത്രം (സ്ത-ശരി) എന്ന് ബഹുവർണ്ണഭിത്തി പ്പരസ്യത്തിൽ കണ്ടാലുടൻ അതു കുറിക്കും. 'കുയിലിനെ തേടി' (ത്തേ-ശരി) 'കുസൃതികുറുപ്പ്' (ക്കു-ശരി). 'യവ്വനമേ വരിക വീണ്ടും' (യൗവന മേ വരുക വീണ്ടും— ശരി) തുടങ്ങി ഒട്ടേറെ സിനിമപ്പേരുകൾ ഞാൻ പുസ്തകങ്ങളിൽ തിരുത്തിക്കാണിച്ചിട്ടുണ്ട്. പിന്നെ പത്രങ്ങളിൽക്കണ്ട ധാരാളം തെറ്റുകളും പത്രലേഖനങ്ങളിൽ തിരുത്തി. പിന്നീട് അവ പുസ്തകങ്ങളിലും ചേർത്തു.

'തെറ്റും ശരിയും' എന്ന പേർ ഞാൻ സ്വീകരിച്ചത് ആലോചിച്ചു തന്നെയാണെങ്കിലും, ചിലർ നേരിട്ടും കത്തുകളിലൂടെയും ചോദി ച്ചിട്ടുണ്ട്, 'ശരിയും തെറ്റും' എന്നല്ലേ വേണ്ടിയിരുന്നത് എന്ന്. അവർ ക്കെല്ലാം എന്റെ മറുപടി ഇതായിരുന്നു: ജനങ്ങൾ ധാരാളം തെറ്റുകൾ കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവയെല്ലാം

ശരിയാണ് എന്ന ചിന്തയിൽ മിക്കവരും അങ്ങനെതന്നെ പറയുന്നു; എഴുതുന്നു. അതിനാൽ നമുക്കുചുറ്റും കാണുന്നതും കേൾക്കുന്നതു മായ തെറ്റുകളിൽ ഓരോന്നും ചൂണ്ടിക്കാണിച്ച് അവ എന്തുകൊണ്ടു തെറ്റായി എന്നു വിശദീകരിക്കുകയും അവയുടെ ശരിരൂപം കാണിച്ചു കൊടുക്കുകയുമാണ് ഞാൻ ചെയ്യുന്നത്. തെറ്റില്ലാത്ത ഭാഷ നേടുന്ന തിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്:

ഒന്ന്: തെറ്റ് തെറ്റാണെന്നറിയണം. രണ്ട്: അവിടെ പകരം വേണ്ടുന്ന ശരി എന്താണെന്നും അറിയണം. മൂന്ന്: ശരിയേ പറയൂ, എഴുതൂ എന്ന നിർബന്ധബുദ്ധി—ഇതാണ് ഏറ്റവും പ്രധാനം. ഇവ മൂന്നുമില്ലെങ്കിൽ ആർക്കും തെറ്റില്ലാത്ത ഭാഷ നേടാനാവില്ല. 'തെറ്റും ശരിയും' എന്ന പേർതന്നെയാണ് ഉചിതം — എന്നു സ്പഷ്ടമായല്ലോ.

## 2. തെറ്റില്ലാത്ത മലയാളം

എന്റെ രണ്ടാമത്തെ ഭാഷാശുദ്ധിഗ്രന്ഥമാണ് മുതിർന്നവർക്കുവേണ്ടി യെഴുതിയ 'തെറ്റില്ലാത്ത മലയാളം'. ശ്രീ. രാജൻ പി. തൊടിയൂർ കൊല്ലത്തുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'കരിയർ മാഗസി'ന്റെ 118 ലക്കങ്ങളിലായി (പത്തുവർഷം) ഞാൻ എഴുതിയ ലേഖനങ്ങൾ ഈ ഗ്രന്ഥരചനയ്ക്ക് അടിത്തറയായി. എങ്കിലും ഗ്രന്ഥരചനയിലേക്കു ഞാൻ കടന്നത് 'മാതൃഭൂമി' ദിനപത്രത്തിലെ 'സാഹിത്യരംഗ'ത്തിനുവേണ്ടി തയ്യാറാക്കിയ ലേഖനപരമ്പരയോടെയാണ്. പത്രത്തിലെഴുതിയത് സന്തോഷകരമായ പ്രവൃത്തിയായിരുന്നെങ്കിലും അതിനെപ്പറ്റിയുള്ള സ്മരണ എനിക്ക് എന്നത്തേക്കും ദുഃഖകരവുമായി. അതു പറയാം:

എൻ.വി. കൃഷ്ണവാരിയർ അന്ന് മാതൃഭൂമി പ്രസിദ്ധീകരണങ്ങ ളുടെയെല്ലാം ചീഫ് എഡിറ്ററാണ്. അദ്ദേഹത്തിന്റെ ഒരു കാർഡ് എനിക്കു കിട്ടി:

'വരുന്ന 17-ാംതീയതി വി.ജെ.ടി. ഹാളിൽ നടക്കുന്ന സമ്മേളന ത്തിന് ഞാൻ വരുന്നുണ്ട്. കാണണം.' ഞാൻ നേരത്തേ സമ്മേളന സ്ഥലത്തെത്തി. ഭാരവാഹികൾ എൻ.വി.യെ കൂട്ടിക്കൊണ്ടുവന്നു. സമ്മേളനമാരംഭിക്കാൻ പിന്നെയും പതിനഞ്ചു മിനിട്ടുണ്ട്. ഞങ്ങൾ നാലഞ്ചുപേർ മുറ്റത്തു സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. എൻ.വി. കാറിൽ നിന്നിറങ്ങിയ ഉടനേ എന്നെ അടുത്തേക്കു വിളിച്ചു. ഞങ്ങൾ അല്പം മാറിനിന്നു സംസാരിച്ചു:

"ഞാനിപ്പോൾ ദിനപത്രത്തിന്റെ മുഖ്യപത്രാധിപരാണെന്നറിയാ മല്ലോ."

"അറിയാം."

"ദിനപത്രത്തിൽ തിങ്കളാഴ്ച തോറും 'സാഹിത്യരംഗം' എന്ന പംക്തിയുണ്ട്."

"അറിയാം."

"അതിൽ താങ്കളുടെ ഭാഷാശുദ്ധിലേഖനപരമ്പര വരുന്നു."

"സാർ, ...ദിനപത്രത്തിൽ ...അതുശരിയാകുമോ?"

"താങ്കൾക്കു കഴിയും. നിശ്ചയം."

"എഴുതാം സാർ."

"സന്തോഷം. ഒരഞ്ചു ലേഖനം ഉടനേ അയയ്ക്കുക. എന്താ?"

"ശരി സാർ..."

ഒരാഴ്ച കഴിഞ്ഞപ്പോൾ അഞ്ചുലേഖനം അയച്ചു. നാലാം ദിവസം കാർഡ്:

'ലേഖനം അടുത്ത തിങ്കളാഴ്ച മുതൽ.'

കത്തുകിട്ടിയതിന്റെ അടുത്തദിവസം എൻ.വി. ആശുപത്രിയിലായി എന്നു വാർത്ത. പിന്നെ അദ്ദേഹം മടങ്ങിവന്നില്ല.

24 ആഴ്ച ഞാൻ എഴുതി. സംശയം എഴുതിയയച്ചവർക്കെല്ലാം രണ്ടു ലക്കത്തിൽ മറുപടിയുമെഴുതി.

## 3. ശുദ്ധമലയാളം

'മലയാളമനോരമ'യുടെ 'തൊഴിൽവീഥി'യിലും മാതൃഭൂമിയുടെ 'തൊഴിൽവാർത്ത'യിലും കുറെക്കാലം വീതം ഞാൻ ഭാഷാശുദ്ധി ലേഖനങ്ങൾ എഴുതിയിരുന്നു. ഈ ലേഖനങ്ങൾ പുനസ്സംവിധാനം ചെയ്തതാണ് ഈ പുസ്തകത്തിലെ പ്രധാന ഭാഗം. ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള വാരികകളായതുകൊണ്ട് ഇവയിലെ പ്രതിപാദനത്തിന് കൂടുതൽ ലാളിത്യം വരുത്താൻ ശ്രമിച്ചിട്ടുണ്ട്.

## 4. തെറ്റില്ലാത്ത ഉച്ചാരണം

അഭ്യസ്തവിദ്യരുടെ ഭാഷയിൽപ്പോലും ഇന്ന് ഉച്ചാരണത്തെറ്റുകൾ വളരെക്കൂടുതലാണ്. മറ്റിനം തെറ്റുകൾ തിരുത്തിക്കാണിക്കുന്ന മൂന്നു പുസ്തകങ്ങൾ വന്നുകഴിഞ്ഞ സ്ഥിതിക്ക് ഉച്ചാരണത്തെറ്റുകളെക്കുറിച്ചും ഒരു പുസ്തകം വേണ്ടതാണ് എന്ന ചിന്ത എന്നിൽ ഉറച്ചിരുന്നു. പല സുഹൃത്തുക്കൾ അതിനുവേണ്ടി നിർബന്ധിച്ചിട്ടുമുണ്ട്. എന്നാൽ ഉച്ചാരണത്തിലെ തെറ്റും ശരിയും, 'എഴുതിക്കാണിക്കാനു'ള്ള പ്രയാസം എന്നെ പിന്തിരിപ്പിച്ചുകൊണ്ടിരുന്നു. എങ്കിലും ഒടുവിൽ 'തെറ്റില്ലാത്ത ഉച്ചാരണം' എന്ന കൃതിയും എഴുതി. അപ്പൂപ്പനും കുട്ടികളും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലുള്ള പുസ്തകം— മുതിർന്നവർക്കും ഉപയോഗപ്പെടും.

## 5. ഭാഷാശുദ്ധി-സംശയപരിഹാരങ്ങൾ

തെറ്റുംശരിയും, തെറ്റില്ലാത്ത മലയാളം, ശുദ്ധമലയാളം, തെറ്റില്ലാത്ത ഉച്ചാരണം—എന്നീ നാലു പുസ്തകങ്ങൾ നന്നായിപ്പഠിച്ചവർക്കും ഭാഷാ പ്രയോഗങ്ങളിൽ ചില സംശയങ്ങൾ വരാവുന്നതേയുള്ളൂ. അവയുടെ പരിഹാരമാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. പുസ്തകത്തിന്റെ മുഖ്യ പ്രതിപാദ്യം മലയാള ഭാഷാപ്രയോഗങ്ങളെസ്സംബന്ധിച്ചുള്ള ചോദ്യോ ത്തരങ്ങളാണ്. കൊല്ലത്തുനിന്ന് ശ്രീ. രാജൻ പി. തൊടിയൂർ പ്രസിദ്ധീക രിച്ചിരുന്ന 'കരിയർ മാഗസിൻ' എന്ന മാസികയിൽ ഞാൻ ചോദ്യോ ത്തരപംക്തി നടത്തിയിരുന്നു. 1986 മുതൽ 1996 വരെയുള്ള 118 മാസങ്ങ ളിലായി പതിനായിരത്തോളം ചോദ്യങ്ങൾ കിട്ടിയിരുന്നു. അവയിൽ നിന്നു തിരിഞ്ഞെടുത്ത രണ്ടായിരത്തിൽപ്പരം ചോദ്യങ്ങൾക്കു ഞാൻ മറുപടിയെഴുതി. ഇവയിൽനിന്ന് തിരിഞ്ഞെടുത്ത ആയിരത്തോളം ചോദ്യോത്തരങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ചോദ്യ കർത്താക്കളുടെ മേൽവിലാസവും ചേർത്തിട്ടുണ്ട്. പ്രിയ ശിഷ്യന്മാരായ ശ്രീ. പി. രവികുമാറും (കവിയും പത്രാധിപരും) ഡോ.എ.എം. ഉണ്ണി ക്കൃഷ്ണനും (കേരള യൂണിവേഴ്സിറ്റി മലയാളം പ്രൊഫസറും സാഹി ത്യനിരൂപകനും) ആണ് തിരിഞ്ഞെടുപ്പു നടത്തിയത്. അവർതന്നെ ഗ്രന്ഥത്തിന് അവതാരികയെഴുതുകയും ചെയ്തു. മലയാളഭാഷയുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്കുള്ള കാരണങ്ങളുടെ വിശദമായ ചർച്ച യും അവയ്ക്കുള്ള പരിഹാരങ്ങളും ഞാൻ ഇതിൽ അവതരിപ്പിച്ചി ട്ടുണ്ട്.

### രഹസ്യമെന്ത്?

ഞാനുമായി 'അഭിമുഖസംഭാഷണം നടത്തിയിട്ടുള്ളവരുൾപ്പെടെ പലരും ചോദിച്ചിട്ടുണ്ട്: "വ്യാകരണം പൊതുവെ എല്ലാവർക്കും വിരസമാ ണല്ലോ. പക്ഷേ, സാറിന്റെ പ്രായോഗികവ്യാകരണഗ്രന്ഥങ്ങളെല്ലാം പതി നായിരക്കണക്കിനു ചെലവാകുന്നു. എന്താണതിന്റെ രഹസ്യം?" എന്റെ മറുപടി:

"രഹസ്യമൊന്നുമില്ല. മൂന്നു കാര്യങ്ങളിൽ ഞാൻ ശ്രദ്ധിക്കുന്നുണ്ട്. ഒന്ന്: വ്യാകരണത്തിലെ സാങ്കേതിക പ്രയോഗങ്ങൾ ആവുന്നത്ര ഒഴി വാക്കുക. രണ്ട്: പ്രതിപാദനം ഏറ്റവും ഋജുവും ലളിതവുമാക്കുക. മൂന്ന്: ഉദാഹരണങ്ങൾ, പറ്റുന്നിടത്തോളം രസകരമാക്കുക.

### തെറ്റുകാരുടെ പേര്

ദിനപത്രങ്ങളിലും വാരികകളിലും ഗ്രന്ഥങ്ങളിലുമൊക്കെയായി കാണാൻ കഴിഞ്ഞ എത്രയെത്ര തെറ്റുകളെപ്പറ്റി ഞാൻ ലേഖന ങ്ങളെഴുതിയിട്ടുണ്ട്! ഇപ്പോഴും എഴുതുന്നു. ഇതിനിടയിൽ രണ്ടു

സാഹിത്യകാരന്മാരുടെ ഓരോ ഖണ്ഡിക ഉദ്ധരിച്ചു വിമർശിച്ചപ്പോൾ മാത്രമേ ഞാൻ രചയിതാക്കളുടെ പേർ പറഞ്ഞിട്ടുള്ളൂ. ഇതല്ലാതെ ഇന്നോളം ഏതെങ്കിലും സാഹിത്യകാരന്റെയോ പത്രത്തിന്റെയോ പേർ ഞാൻ ഭാഷാശുദ്ധിലേഖനത്തിൽ ഒരിടത്തും എഴുതിയിട്ടില്ല. 'ഒരു പ്രമുഖ സാഹിത്യകാരൻ,' 'ഒരു രാഷ്ട്രീയകക്ഷിനേതാവ്' എന്നൊക്കെ യേ എഴുതിയിട്ടുള്ളൂ. തെറ്റായ പ്രയോഗങ്ങൾ വായനക്കാരുടെ ശ്രദ്ധ യിൽപ്പെടുത്തുകയും അതിലെ തെറ്റു വിവരിച്ച് തിരുത്തിക്കാണിക്കുക യുമാണ് എന്റെ പതിവുരീതി. കൂട്ടത്തിൽ, തെറ്റുവരുത്തിയ ആളിന്റെ പേർ പറയുക അത്യാവശ്യമല്ല എന്ന സങ്കല്പമാണ് ആദ്യംമുതലേ ഞാൻ പുലർത്തിയത്. ഇന്നും അതിനു മാറ്റമില്ല.

ഞാൻ വളരെ ബഹുമാനിച്ചിരുന്ന പണ്ഡിതനും 'നല്ല മലയാളം' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ പ്രൊഫ. സി.വി. വാസുദേവഭട്ട തിരിസ്സാർ മേൽപ്പറഞ്ഞ വിഷയത്തിൽ എന്നോടു വിയോജിച്ചിരുന്ന ആളാണ്. അദ്ദേഹം 'തെറ്റുകാരാ'യ വലിയ സാഹിത്യകാരന്മാരുടെ പേരുകൾ ലേഖനങ്ങളിലും പുസ്തകത്തിലും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'പന്മനേ, എത്ര വലിയ സാഹിത്യകാരന്മാരുടേതാ യാലും തെറ്റുകൾ തെറ്റുകൾതന്നെ. വേണ്ടത്ര ശ്രദ്ധിച്ചും വേണ്ടത്ര ആലോചിച്ചും എഴുതിയില്ല എന്നതല്ലേ ആ തെറ്റുകൾ വരാൻ കാരണം? വലിയ സാഹിത്യകാരന്മാരുടെ പ്രയോഗങ്ങളായതുകൊണ്ട് അവ തികച്ചും മാതൃകായോഗ്യമാണെന്നല്ലേ വായനക്കാർ കരുതൂ? അതു കൊണ്ട് അവരെല്ലാം ആ പ്രയോഗങ്ങൾ വളരെ വേഗം സ്വന്തമാക്കില്ലേ?"

"ശരിയാണു സാർ."

"ഇനി മറ്റൊരു കാര്യം. ആ സാഹിത്യകാരന്മാർ സ്വന്തമാക്കിയിരി ക്കുന്ന തെറ്റുകൾ തെറ്റുകളാണെന്ന് ആരെങ്കിലും, എന്നെങ്കിലും വായന ക്കാർക്കു പറഞ്ഞുകൊടുക്കുമോ?"

"ഇല്ല."

"എങ്കിൽ ആയുഷ്കാലം മുഴുവൻ ആ തെറ്റുകളൊന്നും തിരിച്ചറി യാതെ, സ്വയം തിരുത്താനുമാവാതെ, അവർ (ഫലത്തിൽ) തുടർന്നും അശുദ്ധഭാഷാപ്രചാരകരായിത്തന്നെ ജീവിതം നയിക്കുകയില്ലേ?"

ഞാൻ : "സാർ പറഞ്ഞതൊക്കെ ശരിയാണ്. എന്നാൽ ഇതിനൊരു ദോഷവശവുമില്ലേ?

സാർ : "എന്താണത്?"

ഞാൻ : "പറയാം. നമ്മുടെ സാഹിത്യത്തിനും സംസ്കാരത്തിനും വലിയ സംഭാവന ചെയ്തിട്ടുള്ളവരും ചെയ്തുകൊണ്ടിരിക്കുന്നവരുമാണല്ലോ ആ സാഹിത്യകാരന്മാർ? ഭാഷാപ്രയോഗത്തിൽ വന്ന ഒന്നോ രണ്ടോ തെറ്റുകൾ ചൂണ്ടിക്കാണിച്ച് ഒപ്പം അവരുടെ പേരുകൾകൂടിപ്പറഞ്ഞാൽ വായനക്കാർക്ക് അവരോട് അവജ്ഞയുണ്ടാകുമെന്നു തീർച്ച. ഇതുമൂലം അവരുടെ മികച്ച സംഭാവനകളെ വായനക്കാർ അവഗണിക്കും. അവർക്ക് അവയുടെ പ്രയോജനം ലഭിക്കാതെ പോകും എന്നതാണല്ലോ അതിന്റെ ഫലം? അതു നല്ലതാണോ?"

സാർ : "അല്ല. ഞാൻ സമ്മതിക്കുന്നു."

ഞാൻ : ഇതുകൊണ്ടാണ് പ്രയോക്താക്കളുടെ പേർകൂടിപ്പറഞ്ഞ് അവരെ അവമാനിക്കേണ്ടാ എന്നു ഞാൻ തീരുമാനിച്ചത്. അവരുടെ തെറ്റുകൾ തിരുത്തിക്കാണിക്കുന്നുമുണ്ടല്ലോ. പിന്നെ, 'ഒരു വലിയ സാഹിത്യകാരന്റേതാ'ണെന്നു പറയുന്നതുകൊണ്ട് വലിയ സാഹിത്യകാരന്മാർ അതു ശ്രദ്ധിക്കാതിരിക്കില്ലല്ലോ. അതിനാൽ, പ്രശസ്തരുടെ പേർ പറയുന്നതു ധാർമ്മികതയ്ക്കു ചേർന്ന നടപടിയല്ലെന്നു തന്നെയാണ് എന്റെ നിലപാട്.

## അദ്ധ്യാപകരുടെ തെറ്റുകൾ

ഞാൻ : "ഒരു കാര്യം കൂടിപ്പറയാനുണ്ടു സാർ. ഞാൻ പൊതുവെ ലേഖനങ്ങളിൽ അദ്ധ്യാപകരെ കൂടുതൽ വിമർശിക്കുന്നു എന്നൊരഭിപ്രായം നിലവിലുണ്ട്."

സാർ : "പറയുന്നത് അദ്ധ്യാപകർ തന്നെയായിരിക്കും."

ഞാൻ : "അതേ. 'രാഷ്ട്രീയക്കാരല്ലേ ഭാഷയെ കൂടുതൽ ദുഷിപ്പിക്കുന്നത്' എന്നാണ് അവരുടെ ചോദ്യം. ഇതിന് എന്റെ മറുപടി ഇതാണ്: രാഷ്ട്രീയക്കാർക്കാണ് 'എല്ലാ പ്രിയപ്പെട്ട നാട്ടുകാരോ'ടും വളരെക്കൂടുതൽ പ്രസംഗിക്കേണ്ടിവരുന്നത്. അവരുടെ ഭാഷയിൽ വൈകല്യങ്ങൾ ധാരാളമുണ്ടുതാനും. പക്ഷേ, രാഷ്ട്രീയക്കാരുടെ ഭാഷയെ ആരെങ്കിലും മാതൃകയായിക്കരുതുന്നുണ്ടോ? അവർപോലും അങ്ങനെ വിചാരിക്കുന്നില്ല. നേരെമറിച്ച് അദ്ധ്യാപകരുടെ

കാര്യമോ? അവരുടെ ഭാഷയെ എല്ലാവരും മാതൃകാഭാഷയായിക്കരുതുന്നു. അദ്ധ്യാപകർക്കു തെറ്റു വരും എന്ന് പൊതുവെ ആരും കരുതുന്നില്ല. അതുകൊണ്ട്, അവർക്കു തെറ്റുവന്നാൽ, ആ തെറ്റുകൾ കലർന്ന ഭാഷയെ ഏവരും അപ്പാടെ മാതൃകയാക്കും. "ഞങ്ങളുടെ ടീച്ചർ പറയുന്ന തിങ്ങനെയാണല്ലോ" എന്നല്ലേ ഏതു കൊച്ചുകുട്ടിയും പറയുക?" അതുകൊണ്ടാണ് അദ്ധ്യാപകരുടെ തെറ്റുകളെ കൂടുതൽ വിമർശിക്കേണ്ടിവരുന്നത്. ഇതിനെപ്പറ്റി ഞാൻ വിസ്തരിച്ചെഴുതിയിട്ടുണ്ടു സാർ."

സാർ : "പന്മനയോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു."

ഞാൻ : "നാം അദ്ധ്യാപകരുടെ, പ്രത്യേകിച്ചു ഭാഷാദ്ധ്യാപകരുടെ ഉത്തരവാദിത്വബോധം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. മറ്റു വിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ഭാഷയിൽ വന്നുകൂടുന്ന തെറ്റുകളും കുട്ടികൾ സ്വായത്തമാക്കുമല്ലോ. ആ തെറ്റുകളും തിരുത്തിക്കൊടുക്കേണ്ട ഉത്തരവാദിത്വം ഭാഷാദ്ധ്യാപകർക്കാണ്."

സാർ : "വളരെശ്ശരി."

## കേട്ടെഴുത്ത് എം.എ. ക്ലാസിലും

അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ച നാൾതൊട്ടേ ഞാൻ സ്ഥിരമായി നടത്തിക്കൊണ്ടിരുന്ന ഒരു തമാശപ്പരിപാടിയാണ് അഥവാ 'മാതൃഭാഷാശുദ്ധി സംബന്ധിച്ചു വളരെ പ്രയോജനകരമായ ഒരു കുസൃതി' യാണ് കേട്ടെഴുത്ത്. ഞാൻ കുട്ടികളോടു പറഞ്ഞുതുടങ്ങുന്നു: "ആദ്യത്തെ ക്ലാസ്സാണ്. ഞാൻ പഠിപ്പിക്കാൻ തുടങ്ങുന്ന പുസ്തകം ഏതാണെന്നറിയാത്തതുകൊണ്ട് ആരും പുസ്തകം കൊണ്ടുവന്നിട്ടില്ല. സമയം വെറുതെ കളയാനുമാവില്ല. ഈ സമയത്ത് നമുക്കൊരു തമാശ ആയാലോ? (എല്ലാവർക്കും ഉത്കണ്ഠ) 'കേട്ടെഴുത്ത്.' (കുട്ടികൾ ചെറുതായി ചിരിക്കുന്നു.) "എല്ലാവരും നോട്ടുബുക്കെടുക്കുക. നോട്ടുബുക്കില്ലാത്തവർ അടുത്തയാളിനോട് ഒരു കടലാസു വാങ്ങുക. ഞാൻ ചില മലയാളവാക്കുകൾ പറയും. നാക്കുകുഴച്ചിലുള്ളയാളിനെപ്പോലെയോ കള്ളുകുടിയനെപ്പോലെയോ ആയിരിക്കും ഉച്ചരിക്കുക. നിങ്ങൾ ശ്രദ്ധിച്ചുകേട്ട് ഓരോവാക്കും ശരിയായിട്ടെഴുതണം." എം.എ. ക്ലാസ്സുകാരോട്: "നിങ്ങൾ ബിരുദധാരികളായതുകൊണ്ട്, ആർക്കും

തെറ്റ്വരാനിടയില്ല. അശ്രദ്ധകൊണ്ട് ഒന്നോരണ്ടോ വാക്കു തെറ്റിപ്പോയാൽ മോശവുമാണ്. അതുകൊണ്ട് ശ്രദ്ധിച്ചെഴുതണം."

"ഇത്രയും പറഞ്ഞതിൽ വല്ല സംശയവുമുണ്ടോ, ആർക്കെങ്കിലും?"

"ഇല്ല." എല്ലാവരും തയ്യാർ.

(ഇരുപത്തഞ്ചുവാക്കുകൾ പറയുന്നു. നിർത്തി നിർത്തി ആവർത്തിച്ചുപറയുന്നു.)

"ഇനി, അടുത്തിരിക്കുന്ന രണ്ടുപേർവീതം കടലാസ് കൈമാറുക. ഞാൻ ശരിരൂപങ്ങൾ ബോർഡിലെഴുതാം. ചില വാക്കുകൾ എങ്ങനെ രൂപപ്പെട്ടു എന്നു വിശദമാക്കാം. വാക്കുകൾ ശരിയെങ്കിൽ ശരിയടയാളം ഇടുക. തെറ്റുണ്ടെങ്കിൽ തെറ്റ് അടയാളപ്പെടുത്തുക. ശരിരൂപം വലതു വശത്ത് എഴുതുകയും ചെയ്യുക." ഒടുവിൽ ശരിരൂപങ്ങളുടെ എണ്ണം കുറിക്കുക.

തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളജിലാണ് ഞാൻ കൂടുതൽ കാലം അദ്ധ്യാപകനായിരുന്നത്. പ്രശസ്ത കലാലയമായതു കൊണ്ട് അവിടെ മലയാളം ബി.എ.ക്ലാസിലും എം.എ. ക്ലാസിലും ചേരാൻ വളരെ ദൂരെ നിന്നുള്ള ധാരാളം കുട്ടികൾ വരാറുണ്ട്. കവികൾ, ചെറുകഥാകൃത്തുക്കൾ, നാടകകൃത്തുക്കൾ ഒക്കെക്കാണും. ഡിഗ്രിക്കു വലിയ മാർക്കു വാങ്ങിയിട്ടുള്ളവർ ധാരാളം.

എല്ലാവരും 'ശരി'കളുടെ എണ്ണമെടുത്തു കഴിഞ്ഞാൽ, ആദ്യമായി ഞാൻ ചോദിക്കുന്നു: "എല്ലാം ശരിയായവർ ഒരു കൈ പൊക്കുക." ഒരു കൈയും പൊങ്ങുന്നില്ല. അതുകഴിഞ്ഞ്, ഒന്നുമുതൽ പത്തുവരെ ശരിയാക്കിയവരോട് കൈയുയർത്താൻ ക്രമത്തിൽ ആവശ്യപ്പെടുന്നു. ഇത്രയുമാകുമ്പോഴേക്ക് സംഗതി തമാശയല്ലെന്ന് എല്ലാവർക്കും ബോദ്ധ്യമാകുന്നു. എല്ലാവർക്കും നാണം. നിലവാരം ഇത്ര ശോചനീയമാകുമെന്ന് ആരും കരുതിയിരുന്നില്ലല്ലോ.

എന്റെ സാമാന്യം ദീർഘമായ അദ്ധ്യാപനകാലത്ത് 'എല്ലാം ശരി' യാക്കിയ—ഒരു തെറ്റും വരുത്താത്ത—ഒരു കുട്ടിയെയും കാണാനായിട്ടില്ല. ഈ ഭാഷാശുദ്ധിപരിശോധനയുടെ അനുഭവം ഒരു വിദ്യാർത്ഥിയും മറക്കുകയില്ല. ബിരുദധാരികളുടെ—എം.എ. ക്ലാസുകാരുടെ അനുഭവം ഇതാണെങ്കിൽ താണ ക്ലാസുകാരുടെ പരിശോധനാഫലം പറയേണ്ടതില്ലല്ലോ. എത്രയോ പൂർവവിദ്യാർത്ഥികൾ ഞാൻ നടത്തിയ 'കേട്ടെഴുത്തി'ന്റെ രസകരമായ അനുഭവത്തെപ്പറ്റി കൃതജ്ഞതയോടെയും സന്തോഷത്തോടെയും എന്നോടുതന്നെ പറഞ്ഞിട്ടുണ്ട്.

ഞാൻ ഇപ്പോഴും ഭാഷാശുദ്ധിലേഖനങ്ങൾ എഴുതുന്നുണ്ട് എന്ന് മുൻപു പറഞ്ഞു. എങ്കിലും, 'സംശയപരിഹാരങ്ങൾ' എന്ന അഞ്ചാമത്തെപ്പുസ്തകംകൂടി വന്നതോടെ എന്റെ ഭാഷാശുദ്ധിശ്രമങ്ങൾക്ക് ഏതാണ്ടൊരു സമഗ്രത വന്നതായി ഞാൻ കരുതുന്നു. അതുകൊണ്ട്, അഞ്ചു ഭാഷാശുദ്ധിഗ്രന്ഥങ്ങളും ഇപ്പോഴത്തെപ്പോലെ വെവ്വേറെ പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഒറ്റവാല്യമായിക്കൂടി പ്രസിദ്ധീകരിക്കുന്നതു നന്നായിരിക്കും എന്നു തോന്നി. എന്റെ പ്രസാധകനായ ശ്രീ. രവി ഡി.സി.ക്കും ഇതേ അഭിപ്രായമാണുള്ളത്. 'നല്ല ഭാഷ' എന്ന പേരിൽ ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം ഭാഷാസ്നേഹികൾക്കെല്ലാം ഇഷ്ടപ്പെടുമെന്നു ഞാൻ വിചാരിക്കുന്നു. നിരൂപകസുഹൃത്തുക്കൾക്കും പ്രസാധകനായ ശ്രീ. രവിഡീസിക്കും വായനക്കാർക്കും നന്ദി.

**പന്മന രാമചന്ദ്രൻനായർ**